## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3389** — **12.12.2014-ൽ മറുപടിക്ക്**

**കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി എം ഉമ്മർ മാസ്റ്റർ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കണമെന്ന ഹൈക്കോടതി നിർദ്ദേശം നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | എറണാകുളത്തെ പദ്ധതി പൂർത്തീകരിച്ചു. വയനാട്, കോട്ടയം ജില്ലകളിൽ സ്ഥലം ലഭ്യമായിട്ടുണ്ട്. എറണാകുളത്തെ പ്ലാന്റിന്റെ പ്രവർത്തനം നിരീക്ഷിച്ചതിനു ശേഷം ഇവിടങ്ങളിൽ പ്ലാന്റിന്റെ നിർമ്മാണത്തിനുള്ള നടപടികൾ എടുക്കുന്നതാണ്. മറ്റു ജില്ലകളിൽ പ്ലാന്റിനാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | എത്ര കോടി രൂപയാണ് ഈ പദ്ധതിക്കായി ഇതിനകം അനുവദിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ? | (സി) | 2013-14 സാമ്പത്തികവർഷം 18 കോടി രൂപ അനുവദിച്ചുവെങ്കിലും ഒരു സംഖ്യയും ഈ പദ്ധതിക്കായി റിലീസ് ചെയ്തിട്ടില്ല. ഈ സാമ്പത്തിക വർഷം റീ അപ്രോപ്രിയേഷൻ ചെയ്ത് പദ്ധതിയ്ക്ക് വേണ്ടി അടിയന്തിരമായി 5.75 കോടി രൂപ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ